**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 271** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വിലക്കയറ്റം തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 2025 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളെ അപേക്ഷിച്ച് 2026 ലെ ഇതേ മാസങ്ങളിൽ അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയ്ക്ക് 30 ശതമാനം മുതൽ 60 ശതമാനം വരെ വില വർധിച്ച സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പച്ചക്കറികൾക്ക് ക്രമാതീതമായി വിലക്കയറ്റം ഉണ്ടായിട്ടില്ല ചില സാധനങ്ങൾക്ക് മുൻ വർഷത്തെ അപേക്ഷിച്ച് വില കുറഞ്ഞതായും, മറ്റ് ചില സാധനങ്ങൾക്ക് നേരിയ തോതിൽ വില വർദ്ധിച്ചതായും വിലയിരുത്തിയിട്ടുണ്ട്.

**(ബി)** വിലക്കയറ്റം തുടരുന്നത് കണക്കിലെടുത്ത് സാധനങ്ങളുടെ കരിച്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന് കടകളും ഗോഡൗണുകളും കേന്ദ്രീകരിച്ച് റെയിഡുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വ്യാപാരികൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്;

**<u>മറുപടി:</u>** കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുമായി വകുപ്പിലെ താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടെ പൊതുവിപണിയിൽ നിരന്തര പരിശോധന നടത്തിവരുന്നു. ഓണക്കാലത്തോടനുബന്ധിച്ച് പരിശോധനകൾ നടത്തുകയും ആയതിൽ കണ്ടെത്തിയ 868 ക്രമക്കേടുകൾക്കെതിരെ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

**(സി)** വിലക്കയറ്റം തുടരുന്ന സാഹചര്യത്തിൽ മാവേലി സ്റ്റോറിൽ സബ്സിഡി സാധനങ്ങൾ യഥേഷ്ടം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ ഫലപ്രദമായ ഇടപെടൽ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള ഔട്ട്ലെറ്റുകളിൽ ആവശ്യമായ സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഡിപ്പോ, മേഖലാ, ഹെഡ് ഓഫീസ് തലങ്ങളിൽ പ്രതിവാര സ്റ്റോക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ ഓരോ ഔട്ട്ലെറ്റ്ലറ്റിലെയും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് സ്ഥിതി നിരന്തരം വിലയിരുത്തുകയും, ആവശ്യമായ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കൂടാതെ, ഓരോ മാസവും ഡിപ്പോകളിൽ നിന്ന് ആവശ്യമായ സബ്സിഡി സാധനങ്ങളുടെ ഇന്റന്റ് ശേഖരിച്ച്, ടെൻഡർ, ഇ-ഓക്ഷൻ തുടങ്ങിയ നടപടിക്രമങ്ങളിലൂടെ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഔട്ട്ലെറ്റുകളിൽ അവയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**